Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, PB No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail: kcbc@kcbc.in, www.kcbc.in

10.8.2016

All Kerala Press Release
*Ref: 545/KCBC/K-6/KPR/DS*

## പരിസ്ഥിതിലോല നിർണയം - സർക്കാർ അടിയന്തിരനടപടി സ്വീകരിക്കണം: കെസിബിസി ജാഗ്രതാസമിതി

കൊച്ചി: പശ്ചിമഘട്ട മേഖലയിലെ പരിസ്ഥിതിലോലപ്രദേശങ്ങളുടെ നിർണയവുമായി ബന്ധപ്പെട്ട അനിശ്ചിതത്വം പരിഹരിക്കുന്നതിന് സർക്കാർ അടിയന്തിരനടപടി സ്വീകരിക്കണമെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ജാഗ്രതാ സമിതി യോഗം ആവശ്യപ്പെട്ടു. കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയം 2014 മാർച്ച് 10 -നും 2015 സെപ്തംബർ 4-നും പ്രസിദ്ധീകരിച്ച കരടുവിജ്ഞാപനമനുസരിച്ച് സംസ്ഥാനത്തെ 123 വില്ലേജുകൾ പരിസ്ഥിതിലോലമേഖലയായി കണക്കാക്കപ്പെടും. മുൻ സർക്കാർ നിയോഗിച്ച ഉമ്മൻ വി. ഉമ്മൻ സമിതിയുടെ ശുപാർശയിൽ ഇഎസ്എയും ഇഎസ്എ ഇതരപ്രദേശങ്ങളും ഇടകലർന്നുകിടക്കുന്നതും, ജനവാസമേഖലകളുടെയും തോട്ടങ്ങളുടെയും കൃഷിസ്ഥലങ്ങളുടെയും ഇടയിലുള്ള പാറക്കൂട്ടവും അരുവിയും നദികളും സർക്കാർഭൂമിയും വനവും ഇഎസ്എ ആയി രേഖപ്പെടുത്തിയിരിക്കുന്നതും കേന്ദ്രസർക്കാരിന്റെ നിർദേശത്തിനു വിരുദ്ധമായതിനാൽ കേരളത്തിന്റെ നിലപാട് ഏറെ പരുങ്ങലിലാണ്. ഇഎസ്എ നിർണയത്തിൽ വില്ലേജുകളാണ് അടിസ്ഥാനഘടകമെന്ന് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. അതിനാൽ ഇത്തരത്തിലൊരു നിർദേശം കേന്ദ്രസർക്കാരിനുമുമ്പിൽ സമർപ്പിച്ചിരിക്കുന്നതും, കേന്ദ്രസർക്കാരിന്റെ നയമനുസരിച്ച് വില്ലേജുകളുടെ പുനഃക്രമീകരണമോ മറ്റു പ്രായോഗിക നടപടികളോ മുൻസംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകാത്തതുമാണ് ഇപ്പോഴത്തെ പ്രതിസന്ധിക്കു കാരണം. ഇക്കാര്യത്തിൽ വന്നിട്ടുള്ള വീഴ്ചകൾ പരിഹരിച്ച്, കേരളത്തിന്റെ ഭൂപ്രകൃതിയും കാർഷികസമ്പദ്‌വ്യവസ്ഥയും കണക്കിലെടുത്തുകൊണ്ടുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. പരിസ്ഥിതിയെയും കർഷകരെയും സംരക്ഷിക്കുന്നതും, ഒപ്പം കേരളത്തിന്റെ വികസനവും പൊതുതാത്പര്യവും കണക്കിലെടുത്തുകൊണ്ടുള്ളതുമായ നടപടികളാണ് ആവശ്യം. മുഖ്യമന്ത്രിയുടെ അടിയന്തിരശ്രദ്ധ ഇക്കാര്യത്തിലുണ്ടാകണമെന്ന് യോഗം അഭ്യർത്ഥിച്ചു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെസിബിസി/
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി. എസ്. റ്റി**
സെക്രട്ടറി, കെസിബിസി സോഷ്യൽ
ഹാർമണി ആന്റ് വിജിലൻസ് കമ്മീഷൻ

PRESIDENT
CARDINAL BASELIOS CLEEMIS
Major Archbishop - Catholicos
Major Archbishop's House,
Pattom, Trivandrum 695 004
Tel: +91-471-2541642, 2543449, Fax: 2541635
E-mail: baselioscleemis@gmail.com

VICE-PRESIDENT
MAR JOSEPH PERUMTHOTTAM
Archbishop's House,
Changanacherry 686 101
Tel: +91-481-2420040, 2420379, Fax: 2422540
E-mail: bpperumthottam@gmail.com

SECRETARY GENERAL
BISHOP JOSEPH KARIYIL
Bishop's House, Fort Kochi
Kochi 682 001
Tel: +91-484-2215401, 2215402, Fax: 2215404
E-mail: josephkariyil@gmail.com

DEPUTY SECRETARY GENERAL
FR. VARGHESE VALLIKKATT
Pastoral Orientation Centre
P.B. No. 2251, Kochi-682 025
Tel: +91-484-2805722, 2805815, Fax: 2806214
E-mail: vallikatt@gmail.com